**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6474** **20-03-2023 - ൽ മറുപടിയ്ക്ക്**

**ലേല തുകയുള്ള ഡെപ്പോസിറ്റ് തിരികെ നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുളന്തുരുത്തി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസിന്റെ പരിധിയിലുള്ള എ.കെ. ബണ്ടിലെ ഫലവൃക്ഷങ്ങളിൽ നിന്നും ആദായമെടുക്കുന്നതിനായി 2013 മുതൽ ലേലത്തിൽ പങ്കെടുത്ത വ്യക്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | **2013**<br><br>1. കെ.സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ് പി. ഒ.<br><br>2. മഹേഷ്, മണ്ണാറവേലിൽ, കീച്ചേരി.<br><br>3. ശശിധരൻ എം. ബി, മോളാമ്മക്കാട്ടിൽ, പൂത്തോട്ട പി. ഒ.<br><br>4. വി.പി.വിജയൻ, കണ്ടത്തിപ്പറമ്പിൽ, കാട്ടി ക്കുന്ന് പി. ഒ.<br><br>**2016**<br><br>1. വി.പി.വിജയൻ, കണ്ടത്തിപ്പറമ്പിൽ, കാട്ടി ക്കുന്ന് പി. ഒ.<br><br>2. കെ.സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ് പി. ഒ.<br><br>3. ശശിധരൻ എം.ബി, മോളാമ്മക്കാട്ടിൽ, പൂത്തോട്ട പി. ഒ.<br><br>**2019**<br><br>ആരും ലേലത്തിൽ പങ്കെടുത്തില്ല<br><br>**2022**<br><br>1. വിജയൻ.എ.ജി, ആഞ്ഞിലിത്തറയിൽ, കാഞ്ഞിരമറ്റം<br><br>2. മനോജ്.കെ.എസ്, കുന്നേൽ ഹൗസ്, സൗത്ത് പറവൂർ. |
| (ബി) | ലേലം കൊണ്ട വ്യക്തികൾ അടച്ച ഡെപ്പോസിറ്റ് തുക എത്രയെന്നും കാലാവധിക്ക് ശേഷം അവ | (ബി) | 2013 - കെ. സോമൻ<br><br>ഡെപ്പോസിറ്റ് തുക – 2746 രൂപ |

| | | | |
|---|---|---|---|
| | തിരികെ നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | | ടി തുക 16.04.2013 - ൽ തിരികെ നൽകിയിട്ടുണ്ട്.<br><br>2016 - കെ. സോമൻ<br><br>ഡെപ്പോസിറ്റ് തുക -2,555/- രൂപ<br><br>ടി തുക തിരികെ നൽകിയിട്ടില്ല.<br><br>2019- ആരും ലേലത്തിൽ പങ്കെടുത്തില്ല<br><br>2022 - മനോജ് കെ. എസ്<br><br>ഡെപ്പോസിറ്റ് തുക – 1000/- രൂപ<br><br>(ട്രഷറി സേവിംഗ്സ് നിക്ഷേപം)<br><br>ടി തുക തിരികെ നൽകാനുള്ള പ്രപ്പോസൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതാണ്. |
| (സി) | നിലവിൽ എത്ര പേർക്കാണ് പ്രസ്തുത ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത് ; പ്രസ്തുത ഓഫീസിൽ എത്ര തുക ഇത്തരത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കാമോ; | (സി) | 1. കെ. സോമൻ - 2555/- രൂപ<br><br>2. മനോജ് കെ. എസ് - 1000/- രൂപ<br><br>ആകെ - 3555/- രൂപ |
| (ഡി) | ശ്രീ. കെ. സോമൻ എന്ന വ്യക്തി ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ശ്രീ.കെ.സോമൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 30.06.2016 ൽ സർക്കാരിലേക്ക് അടയ്ക്കാനായി ആകെ ലഭ്യമായ 58,700/- രൂപ “8782-00-102-99 പി ഡബ്ല്യൂ റെമിറ്റൻസ്" എന്ന ശീർഷകത്തിൻ കീഴിൽ മുളന്തുരുത്തി സർക്കാർ ഉപഖജനാവിൽ അടയ്ക്കുകയുണ്ടായി. ടി തുകയിൽ 2,555/- രൂപ ശ്രീ. കെ.സോമൻ, മണിമന്ദിരം, കാട്ടിക്കുന്ന്, ചെമ്പ്.പി.ഒ. എന്നയാളിൽ നിന്നും ലേല മുറപ്പിച്ച വകയിൽ ലഭ്യമായതും തിരിച്ചു നൽകേണ്ടതുമായ സെക്യൂരിറ്റി തുകയായിരുന്നു. പി ഡബ്ല്യൂ ഡെപ്പോസിറ്റുമായി ബന്ധപ്പെട്ട ട്രഷറി സ്വീകൻസ് യഥാസമയം ലഭ്യമാക്കാത്തതിനാൽ ടി തുക തിരികെ നൽകുവാൻ സാധിച്ചിട്ടില്ല. ടി തുക BIMS മുഖേന ടി വ്യക്തിക്ക് ലഭ്യമാക്കുന്നതിനായി 01.06.2019 ൽ ബന്ധപ്പെട്ട സബ് ട്രഷറിക്ക് നടപടിക്രമം തയാറാക്കി നൽകിയെങ്കിലും ഡെപ്പോസിറ്റ് സ്വീകൻസ് ലഭ്യമല്ലാത്ത തിനാൽ ട്രഷറിക്ക് മേൽ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ഇ) | ശ്രീ. സോമൻ നൽകിയ അപേക്ഷയിൽ മേൽനടപടി സ്വീകരിച്ച് ടിയാൾക്ക് തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ടി കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ